(ബി) കൊണ്ടോഴിഞ്ഞാൽ-മാളച്ചാൽ പദ്ധതിയുടെ പ്രൊപ്പോസൽ തയ്യാറാക്കിയതിലുള്ള പോരായ്മകൾ പരിശോധിച്ച് കുറ്റമറ്റതാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) അഷ്ടമിച്ചിറ എൽ. ഐ. സ്കീമിന്റെ പമ്പുഹൗസ്, കനാൽ പണികൾ, പി. വി. സി പൈപ്പ് വിതരണവും സ്ഥാപിക്കലും പമ്പ്, മോട്ടോർ എന്നിവയുടെ വിതരണം എന്നിവ പൂർത്തിയായി. ബാക്കി പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. മംഗലംകുളം-പൂപ്പത്തി, പുത്തൻചിറ എന്നിവ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ടി. എൽ. ഐ. സ്കീമിന്റെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

അഞ്ചരക്കണ്ടി പുഴ ഗതിമാറി ഒഴുകുന്നത് തടയാൻ നടപടി

89 [546] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി പുഴയിൽ മണൽത്തിട്ട രൂപപ്പെടുന്നതും പുഴ ഗതിമാറി ഒഴുകുന്നതും സംബന്ധമായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മണൽത്തിട്ട നീക്കം ചെയ്യാൻവേണ്ടി 3.25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

പമ്പ-അച്ചൻകോവിൽ നദികളിലെ ജല ലഭ്യതയെപ്പറ്റി പഠനം

90 [547] ശ്രീ. കെ. മോഹൻകുമാർ:
,, ലൂഡി ലൂയിസ്:
,, ടി. എൻ. പ്രതാപൻ:
,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ-അച്ചൻകോവിൽ നദികളിലെ ജലലഭ്യതയെപ്പറ്റി പഠിക്കുവാൻ സംസ്ഥാനത്തെ വനങ്ങളിൽ ദേശീയ ജലവികസന ഏജൻസി, നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly